DESPATCHED
On..5/3/22

3/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1886(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 16272/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 3**

ശ്രീ. ഷാംകുമാർ,
പുന്നവിള വീട്, കുമിളിയിൽ,
വെള്ളിമൺ പി.ഒ., കേരളപുരം,
കൊല്ലം – 691 511. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
കൊല്ലം.

2) അപ്പീൽ അധികാരി &
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ,
കൊല്ലം – 691 001.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 23/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 14/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 08/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 09/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 19/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 02/03/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ഷാംകുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് ലഭിച്ച മറുപടി അവ്യക്തവും തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതിന് അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നേരിട്ടെത്തി

രേഖകൾ പരിശോധിക്കാമെന്നുമാണ് മറുപടി നൽകിയിട്ടുള്ളതെന്നും ആയതിനാൽ അപേക്ഷയിൽ ' ആവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്നും, വിവരാവകാശ നിയമത്തെ പരിഹാസപൂർവ്വം കാണുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. കൊല്ലം ഉപാസന ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ നിയമം അനുസരിച്ച് എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും

ii. അനുവദിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി ബിൽഡിംഗ് പെർമിറ്റ് നേടിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഓരോ കെട്ടിടത്തിന്റെയും പെർമിറ്റിന് അനുവദിച്ച തീയതിയും വർഷവും, പെർമിറ്റ് അനുവദിച്ചതിന്റെ വിശദാംശങ്ങളും രേഖകളും നൽകണമെന്നും

iii. നിലവിലുള്ള കെട്ടിടങ്ങൾക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും രേഖകളും നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 24.8.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ 14.09.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, എസ്.പി.ഐ.ഒ. നൽകിയ മറുപടി അപൂർണ്ണമാണെന്നും ആവശ്യപ്പെട്ട പകർപ്പുകൾ ശരിയായി ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ തൃപ്തികരമായ മറുപടി നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, കൊല്ലം ഉപാസന ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ നിയമം അനുസരിച്ച് എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും ആയത് സംബന്ധിച്ച് പെർമിറ്റ്, ഒക്യുപെൻസി, ഫയർ എൻ.ഒ.സി. എന്നിവ നൽകിയതു സംബന്ധിച്ചുള്ള വിവരങ്ങളും അറിയുന്നതിനായി സമർപ്പിച്ച അപേക്ഷയ്ക്ക് 24.8.2021-ന് മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയിൽ തൃപ്തനല്ലാതെയാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും വിവിധ കാലഘട്ടത്തിൽ നിർമ്മിച്ച കെട്ടിടങ്ങളാണ് കൊല്ലം ഉപാസന ആശുപത്രി സമുച്ചയത്തിൽ ഉള്ളതെന്നും നഗരസഭയിൽ പെർമിറ്റ് അപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളിലാണെന്നും മുഴുവൻ രജിസ്റ്ററുകളും പരിശോധിച്ച് ടി ചോദ്യങ്ങൾക്ക്

ആവശ്യമായ വിവരങ്ങൾ കണ്ടെത്തുന്നത് ഓഫീസിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമാണുള്ളതെന്നും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ബിൽഡിംഗ് രജിസ്റ്ററിൽ തന്നെയാണ് ഒക്യുപെൻസി, ഫയർ എൻ.ഒ.സി. എന്നിവയുടെ വിവരങ്ങൾ സൂക്ഷിച്ചിരിക്കുന്നതെന്നും കെട്ടിട നിർമ്മാണ അപേക്ഷകൾ സമർപ്പിച്ചിരിക്കുന്ന അപേക്ഷകരുടെ പേര്, വർഷം മുതലായ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ സൂപ്രണ്ട്/സെക്ഷൻ ക്ലാർക്ക് എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഓഫീസ് പ്രവർത്തിദിനങ്ങളായ 27.10.2021, 28.10.2021, 29.10.21 എന്നീ തീയതികളിൽ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ നേരിട്ടെത്തി രജിസ്റ്ററുകൾ പരിശോധിക്കാവുന്നതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 06.01.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ നൽകിയ വിവരാവകാശ അപേക്ഷയിൽ പരാമർശിത കെട്ടിടങ്ങളുടെ പെർമിറ്റിനുവേണ്ടി അപേക്ഷിച്ചവരുടെ പേരോ വർഷമോ ഫയൽ നമ്പരോ നൽകിയിട്ടില്ലാത്തതാണെന്നും നഗരസഭയിൽ നിന്ന് നൽകിയ മറുപടിയിൽ നഗരസഭയിലെ വിവിധ കാലഘട്ടത്തിൽ നിർമ്മിച്ച കെട്ടിടങ്ങളാണ് കൊല്ലം ഉപാസന ആശുപത്രി സമുച്ചയത്തിൽ ഉള്ളതെന്നും പെർമിറ്റ്, ഒക്യുപെൻസി അപേക്ഷകളുടെ വിവരങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള രജിസ്റ്ററുകളിൽ രേഖപ്പെടുത്തി വച്ചിട്ടുണ്ടെന്നും ആയതിനാൽ അപേക്ഷൻ ആവശ്യപ്പെട്ട വളരെ പഴയതടക്കമുള്ള കെട്ടിട വിവരങ്ങൾ രജിസ്റ്ററിൽ കണ്ടെത്തി നൽകുന്നത് ഓഫീസിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നമെന്നതിനാൽ മേൽപ്പടി അപ്പീൽ മറുപടിയിൽ പരാമർശിച്ചിട്ടുള്ള ദിവസങ്ങളിൽ ഓഫീസിൽ നേരിട്ടെത്തി വർഷാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള രജിസ്റ്ററുകളും അനുബന്ധരേഖകളും പരിശോധിക്കുന്നതിന് അറിയിപ്പ് നൽകിയിരുന്നതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയിൽ പരാമർശിത കെട്ടിടങ്ങളുടെ പെർമിറ്റിനു വേണ്ടി അപേക്ഷിച്ചവരുടെ പേരോ, വർഷമോ, ഫയൽ നമ്പരോ നൽകിയിട്ടില്ലാത്തതിനാലാണ് വിവിധ കാലഘട്ടങ്ങളിൽ നിർമ്മിച്ച ടി കെട്ടിടങ്ങളുടെ വിവരങ്ങൾ കണ്ടെത്തി നൽകാൻ എതിർകക്ഷികൾക്ക് സാധിക്കാതെ വന്നതെന്നും വിവിധ കാലഘട്ടത്തിൽ നിർമ്മിച്ച വളരെ പഴയ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ വിവിധ രജിസ്റ്ററിൽ നിന്നും കണ്ടെത്തി നൽകുന്നത് ഓഫീസിന്റെ സാധാരണ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ആയത് പൊതുജനങ്ങൾക്ക് നൽകി വരുന്ന സേവനങ്ങളിൽ തടസ്സം സൃഷ്ടിക്കുന്നതിന് കാരണമാകുമെന്നും കാണുന്നു. എന്നാൽ പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ വിവരം പോലും നൽകാതിരുന്ന ഒന്നാം എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ലഭ്യമായ

വിവരങ്ങൾ 20.3.2022–നകം ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകണമെന്നും, ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഒരിക്കൽ കൂടി ഹർജിക്കാരന് അവസരം നൽകണമെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കരുതെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 3–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി